**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1132 30.10.2019-ൽ മറുപടിയ്ക്ക്**

**എക്സൈസ് ഉദ്യോഗസ്ഥർ യുവാവിനെ ജീപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചുകൊന്ന സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിൽ എക്സൈസ് ഉദ്യോഗസ്ഥർ രഞ്ജിത് കുമാർ എന്ന വ്യക്തിയെ ജീപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചുകൊന്ന സംഭവത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | എക്സൈസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത രഞ്ജിത് കുമാർ എന്ന യുവാവ് മരണപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട് 8 (എട്ട്) എക്സൈസ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുവാൻ എക്സൈസ് വിജിലൻസ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.<br>തുടർന്ന്, രഞ്ജിത് കുമാർ എക്സൈസ് ഉദ്യോഗസ്ഥരുടെ കസ്റ്റഡിയിൽ മരണപ്പെട്ട സംഭവം സംബന്ധിച്ചുള്ള വിഷയത്തിന്മേൽ സമഗ്രമായ അന്വേഷണം നടത്തുന്നതിലേക്ക് പാവറട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 458/2019 നമ്പർ ക്രൈം കേസ് സി ബി ഐ-യ്ക്ക് കൈമാറി 11.10.2019 ൽ GO(Ms) No.151/2019/Home ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എക്സൈസ് സംഘത്തിലുണ്ടായിരുന്ന, പ്രിവന്റീവ് ഓഫീസർ അനൂപ് കുമാറിന്റെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പ്രാഥമിക അന്വേഷണത്തിൽ പ്രിവന്റീവ് ഓഫീസർ ശ്രീ.അനൂപ് കുമാറിന്റെ മൊഴി അഡീഷണൽ എക്സൈസ് കമ്മീഷണർ രേഖപ്പെടുത്തിയിട്ടുണ്ട്.<br>എക്സൈസ് സർക്കിൾ ഇൻസ്പെക്ടറിന്റെ നിർദ്ദേശ പ്രകാരം പട്രോളിംഗിന് പോകവേ, മഫ്ടിയിൽ പോയ ഉദ്യോഗസ്ഥർ ഫോണിൽ |

| | | | |
|---|---|---|---|
| | | | വിളിച്ചറിയിച്ചതനുസരിച്ച് സ്ഥലത്തെത്തുകയും അവർ തടഞ്ഞു നിർത്തിയിരുന്ന രഞ്ജിത് കുമാറിന്റെ പക്കൽ നിന്നും കഞ്ചാവ് കണ്ടെടുക്കുകയുണ്ടായി. തുടർന്ന് ടിയാനെ അറസ്റ്റ് ചെയ്ത് ജീപ്പിൽ ടിയാന്റെ താമസസ്ഥലം അന്വേഷിച്ച് പോകവേ ടി രഞ്ജിത് കുമാർ അക്രമാസക്തനായി ജീപ്പിൽ തലയിട്ടടിക്കുകയും ജീപ്പിൽ നിന്നും പുറത്തേക്ക് ചാടാൻ ശ്രമിക്കുകയും ചെയ്തു. ഈ അവസരത്തിൽ ടിയാനെ ബലം പ്രയോഗിച്ച് ജീപ്പിൽ പിടിച്ചിരുത്തിയതായും ആ സമയത്ത് ടിയാൻ അപസ്മാരം വന്നതുപോലെ ശരീരം ബലം പിടിച്ച് കുഴഞ്ഞു വീണതായും പ്രഥമശുശ്രൂഷയുടെ ഭാഗമായി ടിയാന്റെ മുതുകിൽ ശക്തമായി അമർത്തിയതായും എന്നിട്ടും ടിയാന്റെ അവസ്ഥയിൽ മാറ്റമുണ്ടായില്ല. എട്ട് പത്ത് മിനിറ്റിനകം പാവറട്ടി സാൻജോസ് ആശുപത്രിയിൽ രഞ്ജിത് കുമാറിനെ എത്തിച്ചതായും പരിശോധന നടത്തിയ ഡോക്ടർമാർ ടി രഞ്ജിത് കുമാർ മരണപ്പെട്ടതായി അറിയിക്കുകയുണ്ടായി. രഞ്ജിത് കുമാറിന്റെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുക മാത്രമെ ചെയ്തിട്ടുള്ളുവെന്നും പ്രിവന്റീവ് ഓഫീസർ ശ്രീ.അനൂപ് കുമാർ മൊഴി നൽകിയിട്ടുള്ളതാണ്. |
| (സി) | രഞ്ജിത് കുമാറിന്റെ കുടുംബത്തിന് സഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**